**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1217** | **10-08-2023 - ൽ മറുപടിയ്ക്ക്**

**പുതുതായി നിർമ്മിച്ച മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യ മാർക്കറ്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യ മാർക്കറ്റുകളും പുതുതായി നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പരപ്പനങ്ങാടി, ചെത്തി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ കിഫ്ബി ധനസഹായത്തോടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കേന്ദ്ര സർക്കാരിന്റെ ബ്ലൂറവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് മത്സ്യമാർക്കറ്റുകളും, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മത്സ്യമാർക്കറ്റും പൂർത്തീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ നബാർഡിന്റെ ധനസഹായത്തോടെ ഒരു മത്സ്യമാർക്കറ്റും കിഫ്ബി ധനസഹായത്തോടെ 51 മത്സ്യമാർക്കറ്റുകളും നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.<br><br>നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 3 ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിൽ പ്രായിക്കര ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിച്ചു. റാത്തിക്കൽ, ചില്ലക്കൽ എന്നിവിടങ്ങളിൽ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. |
| (ബി) | എവിടെയൊക്കെയാണ് ഇവ നിർമ്മിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | 1. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം - ഭരണാനുമതി തുക -112.21 കോടി രൂപ . ഇതിൽ 55.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്<br>2. ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം – ഭരണാനുമതി തുക -97.4364 കോടി രൂപ. ഇതിൽ 21.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്<br>3. കൊല്ലം ജില്ലയിലെ കരീക്കോട് മത്സ്യമാർക്കറ്റ് നിർമ്മാണം - അടങ്കൽ തുക - 356 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ. ഇതിൽ 306.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>4. കൊല്ലം ജില്ലയിലെ മയ്യനാട് മത്സ്യമാർക്കറ്റ് നിർമ്മാണം- അടങ്കൽ തുക -159.00 ലക്ഷം രൂപ . ഇതിൽ 113.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>5. പത്തനംതിട്ട ജില്ലയിലെ അടൂർ മത്സ്യമാർക്കറ്റ് നിർമ്മാണം- അടങ്കൽ തുക - 200.53 ലക്ഷം രൂപ - ഇതിൽ 135.00 (ഭാഗിക ബിൽ) ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ